(5) ചെങ്ങന്നൂർ താലൂക്കിലെ വൈദ്യുതി ക്ഷാമം

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: സർ, വൈദ്യുതി ലഭിക്കാതെ വൈദ്യുതി ഉപയോഗിച്ചതിന് വൈദ്യുതി ബോർഡിലേയ്ക്ക് തുക അടയ്ക്കേണ്ട ഒരു ഗതികേടാണ് ചെങ്ങന്നൂർ താലൂക്കിലെ വൈദ്യുതി ഉപഭോക്താക്കൾക്കുള്ളതെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ താലൂക്കിൽപെട്ട എല്ലാ പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം തുടങ്ങിയിട്ട് വളരെ നാളുകളായി. സ്വന്തമായി തൊഴിൽ കണ്ടെത്തുന്നവർക്കും പല വ്യവസായശാലകൾക്കും അതുപോലെ കൃഷിക്കാർക്കും എന്നുവേണ്ട വൈകീട്ട് ആറു മണിയാകുമ്പോൾ കടകമ്പോളങ്ങളെല്ലാംതന്നെ അടയ്ക്കുന്ന ഒരു പതിവാണ് ഉണ്ടായിരിക്കുന്നത്. ആറുവർഷം മുമ്പ് ഒരു 110 കെ. വി. സബ്സ്റ്റേഷൻ ചെങ്ങന്നൂരിൽ അനുവദിക്കുകയുണ്ടായി. 110 കെ. വി. സബ്സ്റ്റേഷൻ വന്നാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്നാണ് അതിന്റെ അധികൃതർ പറയുന്നത്. എന്നാൽ യാതൊരുവിധ നടപടികളും അതിനുശേഷം ഉണ്ടായിട്ടില്ല. ലാൻഡ് അക്വിസിഷന്റെ നടപടികൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 1985-ൽ അന്നത്തെ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി കെ. എം. മാണി പാണമാടു പഞ്ചായത്തിൽവന്ന് 'വെളിച്ച വിപ്ലവം' എന്ന പരിപാടി ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. കുറഞ്ഞ മാസങ്ങൾക്കുള്ളിൽ 110 കെ. വി. സബ്സ്റ്റേഷൻ അവിടെ ആരംഭിക്കുമെന്ന് അന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ നാളിതുവരെയും യാതൊരു നടപടികളും നടന്നിട്ടില്ല. എന്തുകൊണ്ടോ ഇതിന്റെ പണികൾ ആരംഭിക്കാതെ കിടക്കുകയാണ്. ഈ 110 കെ. വി. സബ്സ്റ്റേഷൻ വരാതെ അവിടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സാധിക്കുകയില്ലെന്നാണ് വിദ്യുച്ഛക്തി അധികാരികൾ പറയുന്നത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ. ചെങ്ങന്നൂരിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലേയ്ക്കായി ഉദ്ദേശം രണ്ടര ഏക്കർ സ്ഥലം ഏറെടുക്കുന്നതിനുള്ള നടപടികൾ വളരെ വേഗതയിൽ പുരോഗമിച്ചുവരികയാണ്. ഈ സാമ്പത്തികവർഷം അവസാനിയ്ക്കുന്നതിന് മുൻപായിട്ട് ഇതിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചത്, വോൾട്ടേജ് വളരെയേറെ കുറവാണ് ആ പ്രദേശത്ത് അതുകൊണ്ട് ആളുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നാണ്. അതിനൊരു പരിഹാരം എന്നുള്ള നിലയിൽ ഈ 110 കെ. വി. സബ്സ്റ്റേഷന്റെ സ്ഥാപനത്തിനുള്ള നടപടികൾ വളരെ വേഗതയിൽ സ്വീകരിച്ചുവരികയാണ്. 10 എം. വി. എ. വീതം കപ്പാസിറ്റിയുള്ള രണ്ട് 110 കെ. വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ചെങ്ങന്നൂരിലെയും പരിസരപ്രദേശങ്ങളിലെയും വിദ്യുച്ഛക്തി വിതരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഏകദേശം 70 ലക്ഷത്തിലധികം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സബ്സ്റ്റേഷൻ 1988-89 സാമ്പത്തികവർഷത്തിൽ പ്രവർത്തനക്ഷമമാക്കാം എന്നാണ് കരുതുന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly